# കെ.സി.വൈ.എം. വിജയപുരം രൂപത സമിതി

*കണ്ണിൽ കനിവും,കരളിൽ കനലും*
*കാലിൽ ചിറകുമുള്ള*
*ക്രൈസ്തവ യുവത്വം*


*President*
Ajith Alphonse
9995807958
ajithalphons1993@gmail.com

*General Secretary*
Jose Sebastian
9544971172
josesebastian788@gmail.com

*Vice President*
Salomi D
8281409468

*Secretaries*
Anu Vincent
8281506518

Renish Sebastian
9400736146

*Treasurer*
Alen Joseph
7356795858

*Syndicate Members*
Subin K Sunny
7907634073
subinksunny111@gmail.com

Sona Michael
7034916494

*Ex officio*
Jose Varkey
8848483170
josevarkey971@gmail.com

*Director*
Rev Fr John Vianey
9496815315
brjohnviyani@gmail.com

*Asso. Director*
Fr Fernandez Kottamedu
9809455938

*Animator*
Sr Mary Jyothis
83040 47764


Circular No – KCYM 05/2024 Date : 14-12-2024

ബഹുമാനപ്പെട്ട അച്ചാ, സിസ്റ്റർ, യുവജനസുഹൃത്തേ,
കെ. സി. വൈ . എം . വിജയപുരം രൂപതയിൽ നിന്നും സ്നേഹാഭിവാദ്യങ്ങൾ.

## വാർഷിക സെനറ്റ് സമ്മേളനം

കെ. സി. വൈ . എം . വിജയപുരം രൂപതയുടെ പരമാധികാരസഭയായ സെനറ്റിന്റെ വാർഷിക സമ്മേളനം 2025 ജനുവരി 10,11,12 തീയതികളിലായി കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ജനുവരി 10 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിക്കുന്ന സമ്മേളനം 12-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കും.

ഈ വർഷത്തെ പ്രവർത്തനങ്ങളുടെ അവലോകനവും 2025-2026 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും തുടർ പ്രവർത്തനങ്ങളെപ്പറ്റി സമഗ്രമായ നിർദ്ദേശങ്ങളും ചർച്ചകളും നടത്തപ്പെടുന്ന സമ്മേളനത്തിൽ അങ്ങയുടെ മഹനീയമായ സാന്നിധ്യവും ക്രിയാത്മകമായ നിർദ്ദേശങ്ങളും ആശയങ്ങളും നല്കി സഭയിലും സമൂഹത്തിലും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

### നിർദ്ദേശങ്ങൾ

1. ജനുവരി 10 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിക്കുന്ന സമ്മേളനം 12-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കും.
2. കൃത്യസമയത്തുതന്നെ സെനറ്റ് അംഗങ്ങൾ എത്തിച്ചേരുവാൻ ശ്രദ്ധിക്കണം. സെനറ്റിൽ വൈകി വരുന്നതും നേരത്തെ പോകുന്നതും അനുവദനീയമല്ല.
3. **സെനറ്റിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കും**
   a) നിലവിലുള്ള രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ
   b) മേഖലാ കമ്മറ്റിയംഗങ്ങൾ
   c) പ്രസ്ഥാനത്തിന്റെ ഡയറക്ടർ
   d) മേഖലാ ഡയറക്ടർമാർ
   e) രൂപത ആനിമേറ്റർ
   f) രൂപത അസിസ്റ്റന്റ് ഡയറക്ടർ
   g) യൂണിറ്റ് പ്രസിഡന്റോ, യൂണിറ്റ് തെരഞ്ഞെടുക്കുന്ന അംഗമോ
   h) യൂണിറ്റ് തെരഞ്ഞെടുക്കുന്ന ഒരു വനിത അംഗം

4. ബഹുമാനപ്പെട്ട സെനറ്റ് അംഗങ്ങൾ മാത്രം സെനറ്റിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുക. സെനറ്റ് അംഗങ്ങളുടെ കാലാവധി ഒരു വർഷമായിരിക്കും.
5. സെനറ്റിൽ പങ്കെടുക്കുന്നവർ ഇതിനോടൊപ്പം തരുന്ന രജിസ്ട്രേഷൻ ഫോം യഥാവിധി പൂരിപ്പിച്ച് 2025 ജനുവരി 5-ാം തീയതിക്ക് മുമ്പായി മേഖലാ സമിതി വഴി രൂപതാ സമിതിയെ ഏൽപ്പിക്കേണ്ടതാണ്.
6. 2024 ജൂൺ 10 മുതൽ 2025 ജനുവരി 5 വരെയുള്ള യൂണിറ്റ്, മേഖലാ റിപ്പോർട്ടുകളാണ് സെനറ്റിൽ അവതരിപ്പിക്കേണ്ടത്.
   തന്നിരിക്കുന്ന ഫോർമാറ്റിൽ 5 മിനിറ്റിൽ കവിയാത്തവിധം റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്.
   യൂണിറ്റ് റിപ്പോർട്ട് അവതരിപ്പിക്കാൻ കുറഞ്ഞത് 2 പേരും (ഒരാൾ വനിതയായിരിക്കണം), മേഖല റിപ്പോർട്ട് അവതരിപ്പിക്കാൻ കുറഞ്ഞത് 5 പേരും (ഒരാൾ വനിതയായിരിക്കണം) ഉണ്ടായിരിക്കണം.
7. സെനറ്റിലെ ചോദ്യോത്തര വേളയിൽ ഉന്നയിക്കുവാനുള്ള ചോദ്യങ്ങൾ, സെനറ്റ് യോഗത്തിന്റെ പര്യാലോചനക്കുള്ള പ്രമേയങ്ങൾ എന്നിവ സെനറ്റ് യോഗത്തിന് ഏഴുദിവസം മുമ്പായി (03/01/25) കേന്ദ്രകാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.
8. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 300 രൂപ ആയിരിക്കും.
9. താമസസൗകര്യം തുടങ്ങിയ കാര്യങ്ങൾ രജിസ്ട്രേഷൻ കൗണ്ടറിൽ അക്കോമഡേഷൻ കൺവീനർ മുഖാന്തരം ക്രമീകരിക്കേണ്ടതാണ്.
10. എല്ലാ യൂണിറ്റുകളും കുടിശിക സഹിതം അഫിലിയേഷൻ ഫീസ് (Rs.250/- per year) അടച്ച് അംഗത്വം പുതുക്കേണ്ടതാണ്.
11. സെനറ്റ് നടപടി തുടങ്ങി അവസാനിക്കുന്നതുവരെ രൂപതാസമിതി അംഗങ്ങൾ നൽകുന്ന നിർദ്ദേശങ്ങൾ സെനറ്റ് അംഗങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
12. സെനറ്റിൽ ഭരണഘടന ഭേദഗതിയുടെ കരട് രൂപത്തിന്മേലുള്ള ചർച്ചകൾ നടക്കുന്നതാണ്. നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവസരം ഉണ്ടായിരിക്കും.
13. പരിപാടിയിൽ സമുചിതമായ മാറ്റങ്ങൾ വരുത്തുവാൻ രൂപതാസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
14. രൂപതാസമിതിയുടെ 2025 – 26 പ്രവർത്തനവർഷത്തേക്കുള്ള തിരഞ്ഞെടുപ്പ് സെനറ്റിൽ നടത്തപ്പെടുന്നതാണ്.
15. പ്രസിഡന്റ്, രണ്ട് വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, രണ്ട് സെക്രട്ടറിമാർ, ഖജാൻജി, സിൻഡിക്കേറ്റംഗങ്ങൾ എന്നീ ഉദ്യോഗ ഭാരവാഹികളുടെ തെരഞ്ഞെടുപ്പാണ് നടത്തപ്പെടുന്നതാണ്.
16. പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ ഭാരവാഹികൾ ആയി തെരഞ്ഞെടുക്കപ്പെടാൻ ഒരു വർഷത്തെ രൂപതാ യൂത്ത് കൗൺസിൽ പരിചയം ഉൾപ്പെടെ സെനറ്റിൽ രണ്ട് വർഷത്തെ പരിചയവും, സംസ്ഥാന സിൻഡിക്കേറ്റ് പ്രതിനിധികൾക്ക് സംസ്ഥാന സെനറ്റിൽ ഒരു വർഷത്തെ പരിചയവും അനിവാര്യമാണ്. ഇതര ഭാരവാഹികൾക്ക് രൂപതാ സെനറ്റിൽ ഒരു വർഷത്തെ പരിചയം ആവശ്യമാണ്.

17. തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ താല്പര്യമുള്ള സെനറ്റ് അംഗങ്ങൾ നാമനിർദ്ദേശക പത്രിക വാങ്ങി പൂരിപ്പിച്ച് വരണാധികാരിയായ രൂപതാ ഡയറക്ടറുടെ പക്കൽ 2025 ജനുവരി 11-ാം തീയതി വൈകിട്ട് 8 മണിക്കുമുമ്പ് നല്കേണ്ടതാണ്.
18. 12-ാം തീയതി രാവിലെ 10 മണിവരെ നാമനിർദ്ദേശകപത്രിക പിൻവലിക്കാൻ അവസരമുണ്ടായിരിക്കുന്നതാണ്.

പ്രസ്ഥാനത്തിന്റെ 2024 പ്രവർത്തനവർഷം എല്ലാ തലത്തിലും കരുത്തായ് കരുതലായ് കൂടെയുണ്ടായിരുന്ന ഏവരെയും നന്ദിയോടെ സ്മരിക്കുന്നതിനോടൊപ്പം നമ്മുടെ പ്രസ്ഥാനം കൂടുതൽ കെട്ടുറപ്പുള്ളതാക്കിത്തീർക്കുവാൻ ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന് രൂപതാ സമിതിക്കുവേണ്ടി,

ജോസ് സെബാസ്റ്റ്യൻ
(രൂപത ജനറൽ സെക്രട്ടറി)